(ബി) ന്യായവില നിർണ്ണയ സമിതികൾ രൂപീകരിക്കുവാൻ കളക്ടർമാരോട് നിർദ്ദേശിച്ചുകൊണ്ട് 7-2-2000-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ * പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ഓരോ സർവ്വേ നമ്പരിലുമുള്ള ഭൂമിയുടെ ന്യായവില കുറ്റമറ്റ രീതിയിൽ കാര്യക്ഷമമായി നിർണ്ണയിക്കുവാൻ സമയമാവശ്യമാണ്. എന്നിരിക്കിലും ടി പ്രക്രിയ എത്രയും വേഗം പൂർത്തിയാക്കുവാൻ കളക്ടർമാരോട് നിർദ്ദേശിച്ചിട്ടുണ്ട്.

(സി-ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വസ്തുവിന്റെ വിലയാധാരങ്ങൾ സംബന്ധിച്ച് കരങ്ങൾക്ക് വർദ്ധനവൊന്നും വരുത്തിയിട്ടില്ല.

സ്കൂളുകളിൽ കംപ്യൂട്ടർ പഠനം

13(*103) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കംപ്യൂട്ടർ പഠനം സംസ്ഥാനത്ത് ഏർപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് ഏതു മുതൽക്കാണ് ആരംഭിക്കുക എന്ന് വ്യക്തമാക്കാമോ ; ഏതു ക്ലാസ്സ് മുതൽക്കാണ് കംപ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ കംപ്യൂട്ടർ വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിനായി എത്ര കംപ്യൂട്ടറുകൾ ആവശ്യമായി വരും എന്നു കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കംപ്യൂട്ടറുകൾ എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതു സംബന്ധിച്ച് ഏതെങ്കിലും കമ്പനികളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ സ്കൂൾ തലത്തിൽ കംപ്യൂട്ടർ വിദ്യാഭ്യാസം ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി മൈക്രോസോഫ്റ്റ് എത്ര കംപ്യൂട്ടറുകൾ സൗജന്യമായി നൽകും ;

(എഫ്) വാങ്ങേണ്ടി വരുന്ന കംപ്യൂട്ടറുകളുടെ വിലയെന്താകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ജി) സൗജന്യമായി നൽകിയ കംപ്യൂട്ടറുകളിൽ ഉപയോഗിച്ചവ ഉണ്ടായിരിക്കുമോ ; എങ്കിൽ ഇവ ഏതു തലമുറയിൽപ്പെട്ട കംപ്യൂട്ടറാണെന്ന് വ്യക്തമാക്കുമോ ;

(എച്ച്) കംപ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഐ) പരിശീലനത്തിനായി അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) 2001-2002 അദ്ധ്യായന വർഷം മുതൽ കംപ്യൂട്ടർ പഠനം 7-ാം ക്ലാസ്സ് മുതൽ പാഠ്യ പദ്ധതിയുടെ ഭാഗമാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഇതിനായി ഏതാണ്ട് അൻപതിനായിരത്തിലേറെ കംപ്യൂട്ടറുകൾ വേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇവ താഴെ പറയുന്ന മാർഗ്ഗങ്ങളിലൂടെ ലഭ്യമാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

1. എയ്ഡഡ് സ്കൂളുകളിൽ ബന്ധപ്പെട്ട മാനേജ്മെന്റ്/പി.ടി.എ. മുഖേന.
2. പഞ്ചായത്തുകൾ വഴി.
3. സർക്കാർ നേരിട്ട്.
4. കേന്ദ്ര സഹായം വഴി.
5. കംപ്യൂട്ടർ ബാങ്ക് വഴി (സംഭാവന ആയി ലഭിക്കുന്ന കംപ്യൂട്ടറുകൾ)

(ഡി) ഇല്ല.

(ഇ) ഇത്തരമൊരു ചർച്ച നടത്തിയിട്ടില്ല.

(എഫ്) 'സി' വിഭാഗം ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തിയില്ല.

(ജി) ഉപയോഗിച്ച കംപ്യൂട്ടറുകൾ സ്വീകരിക്കാവുന്നതാണ്. പെന്റിയം 11 എന്ന മോഡലെങ്കിലും വേണമെന്ന് നിഷ്ക്കർഷിക്കുവാൻ ഉദ്ദേശിക്കുന്നു.

(എച്ച്) ഉണ്ട്. കഴിഞ്ഞ വർഷം തെരഞ്ഞെടുക്കപ്പെട്ട ആയിരത്തോളം അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഈ വർഷം യു.പി. വിഭാഗത്തിലെ അദ്ധ്യാപകർക്കുള്ള കംപ്യൂട്ടർ പരിശീലനം ആഗസ്റ്റ് മാസത്തോടെ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഐ) കണക്ക്, സയൻസ്, ജ്യോഗ്രഫി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കാണ് മുൻഗണന നൽകുന്നത്.

എസ്. എസ്. എൽ. സി. ഉത്തരക്കടലാസുകൾ തിരിച്ചു നൽകാൻ നടപടി

14(*104) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. രാജു :
ശ്രീ. ജോസ് ബേബി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly